## വിവരാവകാശ നിയമം 2005

## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : റ്റി.എം.മനോഹരൻ, ഐ.എഫ്.എസ്**

വിഷയം: വിവരാവകാശ നിയമം 2005, വകുപ്പ് 5 (1) പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (EFL) ന്റെ ഓഫീസിൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറേയും അപ്പലേറ്റ് അതോറിറ്റിയേയും നിയമിക്കുന്നത് – സംബന്ധിച്ച് –

സൂചന: 26-07-2010 ലെ സി.സി.എഫ് (ഇ.എഫ്.എൽ) ന്റെ EFL.10-535/09 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ R1-20526/2010 തീയതി 22-09-2010**

2005 ലെ വിവരാവകാശ നിയമം വകുപ്പ് 5 (1) പ്രകാരം എല്ലാ പൊതു അധികാരികളും തങ്ങളുടെ കീഴിലുള്ള പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെ സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്. അതനുസരിച്ച് സംസ്ഥാന വനം-വന്യജീവി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലേയ്ക്കും പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരേയും അപ്പീൽ അധികാരികളേയും സ്ഥാന നിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വനം വകുപ്പാസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച ഇ.എഫ്.എൽ കസ്റ്റോഡിയന്റെ ഓഫീസിലേയ്ക്ക് പബ്ളിക് ഇൻഫർമേഷൻ ഓഫീസറെ പ്രത്യേകമായി സ്ഥാന നിർദ്ദേശം ചെയ്തിട്ടില്ല. അതിനാൽ ഇ.എഫ്.എൽ. കസ്റ്റോഡിയനായ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തന്നെ പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലകൾ നേരിട്ടു നിർവ്വഹിച്ചു വരികയാണ്. ഇ.എഫ്.എൽ കസ്റ്റോഡിയനായ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സംസ്ഥാനത്തൊട്ടാകെ അധികാര പരിധിയുള്ള ഉദ്യോഗസ്ഥനാണ്. വികസന വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ് ഇ.എഫ്.എൽ കസ്റ്റോഡിയന്റെയും ചുമതലകൾ നിർവ്വഹിക്കുന്നത്. ഇ.എഫ്.എൽ കസ്റ്റോഡിയന്റെ ഓഫീസിൽ പൊതുജനങ്ങളിൽനിന്നും നിരവധി അപേക്ഷകളും പരാതികളും ലഭിച്ചു വരുന്നുണ്ട്. ഇ.എഫ്.എൽ കസ്റ്റോഡിയനായ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തന്നെ ആ ആഫീസിലെ പബ്ളിക് ഇൻഫർമേഷൻ ഓഫീസറായും പ്രവർത്തിക്കുന്നത് ഭരണപരവും പ്രായോഗികവുമായ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി മുകളിൽ പരാമർശിച്ച കത്തുപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ ഓഫീസിലെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി അതേ ഓഫീസിലെ ജൂനിയർ സൂപ്രണ്ടിനെയും അപ്പലേറ്റ് അധികാരിയായി ഓഫീസ് മേധാവിയും ഇ.എഫ്.എൽ. കസ്റ്റോഡിയനുമായ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെയും സ്ഥാന നിർദ്ദേശം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവ് വനം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസന വിഭാഗം) ആന്റ് കസ്റ്റോഡിയൻ (ഇ.എഫ്.എൽ).
2. ജൂനിയർ സൂപ്രണ്ട്, ഇ.എഫ്.എൽ കസ്റ്റോഡിയന്റെ ഓഫീസ്
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) – വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.
4. ആർ.ഐ.സെക്ഷൻ സ്റ്റോക് ഫയലിലേയ്ക്ക്
5. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലേയ്ക്ക്.